# Academic Master Plan 2025

# CMGHSS KUTTUR



# പദ്ധതികൾ - നിർവഹണം 2025-26

| പ്രവർത്തനങ്ങൾ | ചുമതല | കാലം |
|---|---|---|
| • ശലഭോദ്യാനം നിർമ്മിക്കൽ<br>• ജൈവ വൈവിധ്യം - നിരീക്ഷണം<br>• നക്ഷത്രവനം പരിപാലിക്കൽ<br>• സീസൺ വാച്ചിങ് | പരിസ്ഥിതി ക്ലബ്ബ്<br>ബയോളജി അധ്യാപകർ<br>ബയോളജി അധ്യാപകർ<br>ബയോളജി അധ്യാപകർ | ജൂലൈ - ആഗസ്റ്റ്<br>അക്കാദമിക വർഷം<br>അക്കാദമിക വർഷം<br>ജൂലൈ/ആഗസ്റ്റ്/ഡിസംബർ/ജനുവരി/മാർച്ച് |
| • സയൻസ് മാജിക് ഡെമോ (By NISE team)<br>• ഫീൽഡ് ട്രിപ്പ് (വിജ്ഞാൻ സാഗർ) എച്ച്.എസ് പീച്ചിഡാം, ശക്തൻ മ്യൂസിയം - (UP)<br>• സർവ്വേ, പെയിന്റിംഗ് മത്സരങ്ങൾ<br>• ക്വിസ്, സെമിനാറുകൾ, പോസ്റ്റർ നിർമ്മാണം, ഉപന്യാസ മത്സരങ്ങൾ<br>• പരീക്ഷണകളരി, മോഡൽ നിർമ്മാണം (UP) | സയൻസ് അധ്യാപകർ<br>സയൻസ് അധ്യാപകർ<br>എനർജി ക്ലബ്ബ്<br>സയൻസ് ക്ലബ്ബ്<br>സയൻസ് അധ്യാപകർ | ആഗസ്റ്റ്/സെപ്റ്റംബർ<br>സെപ്റ്റംബർ/ ഒകോടോബർ<br>ജൂലൈ/ഡിസംബർ<br>ദിനാചരണങ്ങളോടനുബന്ധിച്ച്<br>അക്കാദമിക വർഷം |
| • ആരോഗ്യം എല്ലാവർക്കും-നീന്തൽ, യോഗ, സുംബ പരിശീലനം<br>• സമൂഹത്തിന്റെ ആരോഗ്യത്തിനുവേണ്ടി സുംബ പരിശീലനം-രക്ഷാകർത്താക്കൾക്ക്<br>• ഇൻഡോർ ഗെയിംസ് - മഴക്കാലത്ത് കുട്ടികൾക്ക് കളിക്കുന്നതിനുവേണ്ടി<br>• ക്ലാസ് തല മത്സരങ്ങൾ സംഘടിപ്പിക്കൽ | ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപിക<br>ഫിസിക്കൽ എഡ്യൂക്കേഷൻ അധ്യാപിക<br>സ്പോർട്സ് ക്ലബ്ബ്<br>സ്പോർട്സ് ക്ലബ്ബ് | അക്കാദമിക വർഷം<br>പി.ടി.എ മീറ്റിംഗിന്<br>ജൂൺ -സെപ്റ്റംബർ<br>ഓരോ ടേമിലും |
| • വായനാ മത്സരങ്ങൾ<br>• എഴുത്ത് മത്സങ്ങൾ<br>• ആസ്വാദനകുറിപ്പ് തയ്യാറാക്കൽ<br>• റോൾപ്ലേ, നാടകം, ക്വിസ്, പ്രസംഗമത്സരം, സംവാദം<br>• മലയാളം ടൈപ്പ് റൈറ്റിംഗ്, ഇ-മാഗസിൻ (UP) | വിദ്യാരംഗം മലയാളം അധ്യാപകർ<br>മലയാളം അധ്യാപകർ | ദിനാചരണങ്ങളോട് അനുബന്ധിച്ച്<br>അക്കാദമിക വർഷം |
| • ക്വിസ്, പ്രസംഗ മത്സരങ്ങൾ, ദേശഭക്തിഗാന മത്സങ്ങൾ, പോസ്റ്റർ നിർമ്മാണം, പെൻസിൽ ഡ്രോയിംഗ്<br>• സിനിമാ പ്രദർശനം<br>• ഫീൽഡ് ട്രിപ്പ്<br>• വെർച്ചൽ ഫീൽഡ് ട്രിപ്പ് ICT ഉപയോഗിച്ച് (UP) | സോഷ്യൽ ക്ലബ്ബ് ഗാന്ധി ദർശൻ ക്ലബ്ബ്<br>സോഷ്യൽ സയൻസ് അധ്യാപകർ | ദിനാചരണങ്ങളോടനുബന്ധിച്ച്<br>ഒക്ടോബർ/നവംബർ<br>ഒക്ടോബർ/നവംബർ |
| • ഫ്ളാഷ് മോബുകൾ, സൈക്കിൾ റാലികൾ<br>• വിദഗ്ധരുടെ ബോധവൽക്കരണ ക്ലാസ്സുകൾ<br>• ഡി അഡിക്ഷൻ സെന്ററുകളിലെ സന്ദർശനം | ജാഗതാ സമിതി<br>കൺവീനർ ആയിട്ടുള്ള അധ്യാപകർ<br>ജാഗ്രതാ സമിതി | ദിനാചരണങ്ങളോടനുബന്ധിച്ച്<br>എല്ലാ മാസത്തിലും<br>ഓരോ ടേമിലും |

| | | |
|---|---|---|
| • വിവിധ വിഷയങ്ങളിൽ വിദഗ്ധരുടെ ക്ലാസ്സുകൾ (ആരോഗ്യം, ട്രാഫിക് etc)<br>• ഫീൽഡ് ട്രിപ്പുകൾ | SPC<br>SPC | ഓരോ മാസത്തിലും<br>ഓരോ ടേമിലും |
| • ക്വിസ്, പസിൽ, സെമിനാറുകൾ, വർക്ക്ഷോപ്പ്<br>• ഒറിഗാമി ശിൽപ്പശാല (UP)<br>• ഗണിതപ്രദർശനം<br>• (കുട്ടികൾ തയ്യാറാക്കിയ മോഡലുകൾ)<br>• ഗണിത ക്ലിനിക് (UP) | മാത്സ് ക്ലബ്ബ്<br>മാത്സ് അധ്യാപകർ<br>മാത്സ് അധ്യാപകർ<br>മാത്സ് അധ്യാപകർ | ദിനാചരണങ്ങളോടനുബന്ധിച്ച്<br>ഒക്ടോബർ/നവംബർ<br>ജനുവരി<br>അക്കാദമിക വർഷം |
| • രാമായണ മാസാചരണം<br>• സംസ്കൃത ദിനാചരണം | സംസ്കൃത ക്ലബ്ബ്<br>സംസ്കൃത അധ്യാപകർ | ജൂലൈ/ആഗസ്റ്റ്<br>ആഗസ്റ്റ്/സെപ്റ്റംബർ |
| • പച്ചക്കറി തോട്ടം ഉണ്ടാക്കൽ പരിപാലിക്കൽ<br>• ചെണ്ടുമല്ലി കൃഷി | സീഡ് ക്ലബ്ബ് കൺവീനർ<br>സീഡ് ക്ലബ്ബ് കൺവീനർ | ജൂലൈ/ഫെബ്രുവരി<br>ജൂലൈ/ഫെബ്രുവരി |
| • കുട്ടികൾക്ക് ഹിന്ദിഭാഷയിലുള്ള നൈപുണ്യം വർദ്ധിപ്പിക്കുന്നതിനുള്ള ബ്രിഡ്ജിങ് പ്രവർത്തനങ്ങൾ<br>• ഹിന്ദി സംസാരിക്കാൻ അവസരമൊരുക്കി ദൈനംദിന ക്ലാസ്റൂം സംഭാഷണം, ചർച്ച<br>• ഹിന്ദി സിനിമകളുടെ പ്രദർശനം, ഹിന്ദി തിയ്യേറ്റർ, സ്കിറ്റ്<br>• സ്കൂൾ മാഗസിൻ - ഹിന്ദി<br>• ഹിന്ദിയിൽ കുട്ടികളുടെ സർഗരചന | ഹിന്ദി അധ്യാപകർ<br>ഹിന്ദി അധ്യാപകർ<br>ഹിന്ദി അധ്യാപകർ<br>ഹിന്ദി ക്ലബ്ബ് | ജൂൺ/ജൂലൈ<br>അക്കാദമിക വർഷം<br>സെപ്റ്റംബർ/ഒക്ടോബർ<br>അക്കാദമിക വർഷം |
| • Reading books & discussing<br>• Writing and sharing poems and stories<br>• Practicing conversational English through activities like roleplay, skit, group story telling<br>• Conducting speech, essay competitions<br>• English fest<br>• Publishing English magazine | English Teachers<br>English club convenor<br>English Teachers<br>English club<br>English Teachers | Academic year<br>Each term<br>Academic year<br>National days<br>January/February |
| • Practicing Chats emails (UP)<br>• Breaking news (Listen Radio news) UP<br>• Reader of the month UP<br>• Mini dictionaries UP<br>• English assembly UP | English teachers<br>English teachers<br>English teachers<br>English teachers<br>English teachers | Academic year<br>Academic year<br>Academic year<br>Academic year<br>Academic year |
| • കൃഷി<br>• എംബ്രോയ്ഡറി, ഫാബ്രിക് പെയിന്റിംഗ്<br>• കരകൗശല വസ്തുക്കളുടെ നിർമ്മാണം<br>• പാഴ്വസ്തുപരിപാലനം<br>• പ്രിന്റിംഗ് & സ്റ്റേഷനറി<br>• പ്രവൃത്തിപരിചയമേള-ഒരുക്കം | W.E Teacher<br>W.E Teacher<br>W.E Teacher<br>W.E Teacher<br>W.E Teacher<br>W.E Teacher | ജൂൺ<br>ജൂലൈ<br>അക്കാദമിക വർഷം<br>അക്കാദമികവർഷം<br>അക്കാദമിക വർഷം<br>അക്കാദമിക വർഷം |

# ഉള്ളടക്കം


1. അടിസ്ഥാന വിവരങ്ങൾ
2. ആമുഖം
3. കാഴ്ച്ചപ്പാട്
4. അക്കാദമിക് പ്രവർത്തനങ്ങൾ വിശദാംശങ്ങൾ
5. വിദ്യാലയചരിത്രം
6. ഭൗതിക സൗകര്യം

   ഭക്ഷണം, ശുചിത്വം, ആരോഗ്യം
7. കലാസാംസ്കാരികം
8. മലയാളം

   സംസ്കൃതം

   ഇംഗ്ലീഷ്

   ഹിന്ദി

   അടിസ്ഥാനശാസ്ത്രം
9. ഹയർസെക്കന്ററി അക്കാദമിക മാസ്റ്റർ പ്ലാൻ
10. പ്രവർത്തിപരിചയ പഠനവും ക്ലബ്ബ് പ്രവർത്തനവും
11. ബജറ്റ് നിർദ്ദേശം
12. തനതുപ്രവർത്തനങ്ങൾ
13. ഉപസംഹാരം

# അടിസ്ഥാന വിവരങ്ങൾ

| | | | |
|---|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | : | ചന്ദ്രാ മെമ്മോറിയൽ ഗവ.ഹയർസെക്കൻഡറി സ്കൂൾ കുറ്റൂർ |
| 2. | സ്കൂൾ കോഡ് | : | 22015 |
| 3. | വിദ്യാഭ്യാസ ഉപജില്ല | : | തൃശ്ശൂർ വെസ്റ്റ് |
| 4. | വിദ്യാഭ്യാസ ജില്ല | : | തൃശ്ശൂർ |
| 5. | റവന്യൂജില്ല | : | തൃശ്ശൂർ |
| 6. | ബി.ആർ.സി | : | ഒല്ലൂക്കര |
| 7. | ഗ്രാമപഞ്ചായത്ത് | : | കോലഴി |
| 8. | ബ്ലോക്ക് പഞ്ചായത്ത് | : | പുഴയ്ക്കൽ |
| 9. | ജില്ലാ പഞ്ചായത്ത് | : | തൃശ്ശൂർ |
| 10. | നിയമസഭാമണ്ഡലം | : | വടക്കാഞ്ചേരി |
| 11. | ലോകസഭാണ്ഡലം | : | ആലത്തൂർ |
| 12. | താലൂക്ക് | : | തൃശ്ശൂർ |
| 13. | വില്ലേജ് | : | കുറ്റൂർ |
| 14. | ഇമെയിൽ | : | cmghss@gmail.com |

# ആമുഖം

തൃശ്ശൂർ ജില്ലയിലെ കോലഴി ഗ്രാമ പഞ്ചായത്തിൽ ഉൾപ്പെട്ട കുറ്റൂർ വില്ലേജിലെ കുറ്റൂർ എന്ന ഗ്രാമത്തിലാണ് ഈ വിദ്യാലയം സ്ഥിതിചെയ്യുന്നത്. കോലഴി ഗ്രാമപഞ്ചായത്തിലെ ഏക സർക്കാർ ഹയർസെക്കന്ററി സ്കൂളാണിത്. ദേവസ്വം കമ്മീഷണറായി വിരമിച്ച കരിമ്പറ്റ കൊച്ചുണ്ണിമേനോൻ ലോവർ സെക്കന്ററി സ്കൂൾ, കുറ്റൂർ എന്ന പേരിൽ സർക്കാരിൽ നിന്ന് അനുമതി വാങ്ങി 1942 ജൂണിൽ ആരംഭിച്ചതാണ് ഈ വിദ്യാലയം. 1946 ൽ ഇതൊരു ഹൈസ്കൂളായി ഉയർന്നു. മാനേജരായ കരിമ്പറ്റ കൊച്ചുണ്ണി മേനോൻ അകാലത്തിൽ പൊലിഞ്ഞുപോയ തന്റെ മകൾ ചന്ദ്രമതിയുടെ പേര് തന്റെ സ്കൂളിന് നൽകണമെന്ന വ്യവസ്ഥയോടെ ഈ വിദ്യാലയം സർക്കാരിനു കൈമാറി. അങ്ങിനെ ഇത് കുറ്റൂർ ചന്ദ്രാ മെമ്മോറിയൽ ഗവൺമെന്റ് ഹൈസ്കൂളായി. പിന്നീട് 2004 ൽ ഹയർസെക്കന്ററി നിലവിൽവന്നതോടെ ഇത് ചന്ദ്രാമെമ്മോറിയൽ ഗവൺ മെന്റ് ഹയർസെക്കന്ററി സ്ക്കൂളായി.

ഇപ്പോൾ ഈ വിദ്യാലയത്തിൽ ഹയർസെക്കന്ററി ഉൾപ്പടെ പ്രിൻസിപ്പലും ഹെഡ്മാസ്റ്ററും അടക്കം 36 അധ്യാപകരും 5 അനധ്യാപകരും ജോലിചെയ്യുന്നു. ഇന്ന് ഈ വിദ്യാലയം 100% വിജയം തുടർച്ചയായി നേടിവരുന്നു.

വേണ്ടത്ര സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളുടെയും ക്ലാസ് മുറികളുടെയും അഭാവം വിദ്യാലയം നേരിടുന്ന ഒരു പ്രധാന പരിമിതിയാണ്. വിദ്യാർത്ഥികളുടെ എണ്ണത്തിനു ആനുപാതികമായി വേണ്ടത്ര കമ്പ്യൂട്ടറുകളോ ലാബുകളോ ഇവിടെയില്ല. മറ്റു വിഷയങ്ങൾക്കു ആവശ്യമായ ലാബ് സൗകര്യം കുറവാണ്.

വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യത്തിന് ആവശ്യമായ വാഹനങ്ങൾ ഒന്നുമാത്രമേയുള്ളൂ. മികച്ച ഉച്ചഭക്ഷണപാചക വിതരണസംവിധാനത്തിന്റെ അപര്യാപ്തതയും കായികപരിശീലനത്തിനുള്ള സൗകര്യങ്ങളുടെ അഭാവവും ഈ വിദ്യാലയത്തിന്റെ പരിമിതികളാണ്. ഇതിനിടയിലും മികച്ച പൗരന്മാരെ വാർത്തെടുക്കാനുള്ള പരിശ്രമങ്ങൾക്കു രൂപരേഖയായി ഈ മാസ്റ്റർ പ്ലാൻ മുന്നോട്ടുവെക്കുന്നു.

## കാഴ്ചപ്പാടുകൾ

കുറ്റൂർ ചന്ദ്രാമെമ്മോറിയൽ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ നിന്ന് പുറത്തിറങ്ങുന്ന വിദ്യാർത്ഥികളെ എല്ലാ രംഗങ്ങളിലും മികവുറ്റവരാക്കി സമൂഹത്തിനു സമ്മാനിക്കുക എന്ന കാഴ്ചപ്പാടോടെയാണ് ഈ പ്രവർത്തന പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കുന്നത്.

## പ്രവർത്തന ലക്ഷ്യങ്ങൾ

1. കോവിഡാനന്തര കാലഘട്ടത്തിൽ കുട്ടികൾ നേരിടുന്ന മാനസിക-ശാരീരിക-അക്കാദമിക പ്രതിസന്ധികൾ മുഖ്യധാരയിൽ നിർത്തി പ്രശ്നപരിഹരണം പരമാവധി സാധ്യമാക്കുക
2. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക
3. അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക
4. 5 മുതൽ 12-ാം ക്ലാസ്സ് വരെ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള

പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

5. അധ്യാപനവും, അധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.
6. കുടുംബബന്ധങ്ങളിൽ അനുഭവിക്കുന്ന പ്രശ്നങ്ങൾ (രക്ഷിതാക്കളുടെ പിന്തുണക്കുറവ്, മാനസിക പ്രശ്നങ്ങൾ) എന്നിവയിൽ നിന്നും കുട്ടികളെ മോചിതരാക്കുക.
7. വ്യത്യസ്ത സാഹചര്യങ്ങളിൽ നിന്നും വരുന്ന കുട്ടികളിൽ സ്നേഹവും അറിവും മൂല്യങ്ങളും വളർത്തി എടുക്കുക.
8. സ്കൂളിന്റെ ഭൗതികവും താത്വികവുമായ അന്തരീക്ഷം മെച്ചപ്പെടുത്തുക
9. ശിശു സൗഹൃദവും വൃത്തിയുള്ളതുമായ ശുചിമുറികൾ, പരിസ്ഥിതി എന്നിവ സ്കൂൾ അന്തരീക്ഷത്തിൽ ലഭ്യമാകുക
10. മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള പദ്ധതികൾ, സർഗ്ഗശേഷി വികസനത്തിനുള്ള വ്യത്യസ്ഥ പദ്ധതികൾ ജീവിതശീലമാക്കി വളർത്തുക.
11. വിദ്യാർത്ഥികളുടെ സമഗ്ര വികസനത്തിനാവശ്യമായ വ്യക്തിത്വവികസനക്ലാസുകളും അറിവിന്റെ മേഖലയിൽ സുസജ്ജരും വിദഗ്ദരുമായ അധ്യാപകരുടെ ശിക്ഷണവും ഉറപ്പുവരുത്തുക
12. വിദ്യാലയത്തിന്റെ പരമപ്രധാനമായ ഘടകമാണ് മികച്ച ലൈബ്രറി, ലാബ് സൗകര്യങ്ങൾ, സ്വയംപഠനം, സംഘപഠനം, മത്സരപരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനം എന്നിവക്കുള്ള സൗകര്യം വിദ്യാലയത്തിൽ ഒരുക്കുക
13. വിദ്യാലയത്തിന്റെ വൈവിധ്യമാർന്ന ഉപഭോഗം, ഫലപ്രദമായി പരിഹരിക്കപ്പെടുന്ന മികച്ച സോളാർ പാനൽ സ്ഥാപിക്കുക.
14. പൂർവ്വവിദ്യാർത്ഥികൾ, പൂർവ്വ അധ്യാപകർ, സാംസ്കാരിക സംഘടനകൾ, അഭ്യുദയകാംക്ഷികൾ എന്നിവരുടെ സേവനവും സഹകരണവും ഉപയോഗപ്പെടുത്തുക.
15. എല്ലാ രംഗത്തും പെൺകുട്ടികൾക്ക് അവസരം ഉറപ്പാക്കുക
16. ജെൻഡർ രേഖയുടെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്തി പെൺസൗഹൃദയവിദ്യാലയസങ്കൽപം യാഥാർത്ഥ്യമാക്കുക.
17. ആത്മ വിശ്വാസവും പ്രതികരണശേഷിയും അറിവിന്റെ കരുത്തും വിമർശനാവബോധവും വിശകലനശേഷിയും ഉള്ളവരായി എല്ലാ കുട്ടികളെയും ഉയർത്തുക
18. വിദ്യാർത്ഥികളെ ദേശീയ തലത്തിലുള്ള മത്സരപരീക്ഷകളിൽ പങ്കെടുക്കാൻ പ്രാപ്തരാവുക.

## അക്കാദമിക പ്രവർത്തനങ്ങൾ വിശദാംശങ്ങൾ

### വിദ്യാലയ ചരിത്രം

തൃശൂർ ജില്ലയിലെ മികച്ച സർക്കാർ വിദ്യാലയങ്ങളിലൊന്നാണ് കുറ്റൂർ ചന്ദ്രാമെമ്മോറിയൽ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ, 1942 ജൂണിൽ സ്ഥാപിതമായ ഈ വിദ്യാലയം തൃശ്ശൂർ ജില്ലയിലെ കോലഴി പഞ്ചായത്തിൽ ഉൾപ്പെടുന്ന കുറ്റൂർ വില്ലേജിലാണ് സ്ഥിതിചെയ്യുന്നത്. പഞ്ചായത്തിലെ ഏക സർക്കാർ ഹയർസെക്കണ്ടറി സ്കൂളാണ് ഇത്.

തൃശ്ശൂർ നഗരത്തിൽ നിന്ന് ഏകദേശം ഏഴ് കി.മീറ്റർ അകലെ സ്ഥിതി ചെയ്യുന്ന ഈ ഗ്രാമപ്രദേശം താരതമ്യേന സമതലപ്രദേശമായ ഒരു കാർഷികമേഖലയാണ്. ചില മഹത് വ്യക്തികളുടെ ദീർഘവീക്ഷണഫലമായി രൂപം കൊള്ളുന്ന സ്ഥാപനങ്ങൾ പില്ക്കാലത്ത് ഒരു ജനതയുടെയും ദേശത്തിന്റെയും വളർച്ചയിലെ നിർണ്ണായക സ്വാധീനമായി വളരുന്ന ചരിത്രമാണ് ചന്ദ്രാമെമ്മോറിയൽ ഗവ.ഹയർ സെക്കണ്ടറി സ്കൂൾ സാക്ഷ്യപ്പെടുത്തുന്നത്.

**വിദ്യാലയത്തിന്റെ ആരംഭം:-**

കരിമ്പറ്റ കൊച്ചുണ്ണി മേനോൻ എന്ന ഉൽക്കർഷേച്ഛുവാണ് ഈ വിദ്യാലയത്തിന്റെ സ്ഥാപകൻ. 1932-ൽ തൃശ്ശൂർ ദേവസ്വം കമ്മീഷണറായി ജോലിയിൽ നിന്നും വിരമിച്ച ശേഷമാണ് അദ്ദേഹം കുറ്റൂർ ഉൾപ്പെടുന്ന ചാവക്കാട് സ്ഥിരതാമസമാക്കിയത്. കുറ്റൂർ, കൊട്ടേക്കാട് തുടങ്ങിയ ഗ്രാമപ്രദേശങ്ങളിലെ കുട്ടികൾക്ക് സ്കൂൾ വിദ്യാഭ്യാസം നേടണമെങ്കിൽ തൃശ്ശൂർവരെ നടന്നുപോകേണ്ട അവസ്ഥയാണ് അന്നുണ്ടായിരുന്നത്. ആ സാഹചര്യത്തിലാണ് കുറ്റൂരിൽ ഒരു വിദ്യാലയം സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയെ പറ്റി കൊച്ചുണ്ണിമേനോൻ ചിന്തിച്ചു തുടങ്ങിയത്. അദ്ദേഹത്തിന്റെ കഠിനശ്രമത്തിന്റെ ഫലമായി ലോവർസെക്കണ്ടറി സ്കൂൾ, കുറ്റൂർ എന്ന പേരിൽ (എൽ.എസ്.എസ് കുറ്റൂർ) ഒരു വിദ്യാലയം സ്വന്തം ഉത്തരവാദിത്വത്തിൽ നടത്താൻ 1942- ജൂണിൽ സർക്കാരിൽ നിന്ന് അനുമതി നേടിയെടുത്തു. ഈ ഉത്തരവിന്റെ വെളിച്ചത്തിൽ കുറ്റൂർ കവലയ്ക്കു മുൻവശത്തുള്ള ഒരു വാടകകെട്ടിടത്തിൽ താല്ക്കാലികമായി L.S.S.Kuttur (എൽ.എസ്.എസ് കുറ്റൂർ ) എന്ന പേരിൽ ഫസ്റ്റ് ഫോറം മാത്രമായി ഈ വിദ്യാലയം ആരംഭിച്ചു.

**ആദ്യകാലപ്രവർത്തനം**

ഒൻപത് വിദ്യാർത്ഥികളും രണ്ട് അദ്ധ്യാപകരുമായാണ് ഈ വിദ്യാലയത്തിന്റെ ചരിത്രം ആരംഭിക്കുന്നത്. ബി.എ.ബിരുദധാരിയായ വി.വി.ജേക്കബ്ബ്, പി.വി.ശങ്കരവാര്യർ എന്നിവരായിരുന്നു ആദ്യത്തെ അദ്ധ്യാപകർ. കൊച്ചുണ്ണിമേനോൻ തന്റെ താമസസ്ഥലത്തിന്റെ തെക്കു കിഴക്കേ മൂലയിൽ ഒരേക്കർ ഇരുപത്തിയൊന്ന് സെന്റ് സ്ഥലം വാങ്ങി അത് സ്കൂളിനായി മാറ്റിവെച്ചതോടെ വാടകകെട്ടിടത്തിൽ നിന്നുമാറി സ്വന്തം സ്ഥലത്ത് സ്കൂൾ പ്രവർത്തനം തുടങ്ങി. 1943 ജൂൺ മാസത്തോടെ പ്രൈമറി, ഫസ്റ്റ്ഫോറം, സെക്കന്റ് ഫോറം എന്നീ ക്ലാസ്സുകളും ആരംഭിച്ചു. പ്രഥമ അദ്ധ്യാപകനായിരുന്ന ജേക്കബ്ബ് മാസ്റ്റർക്ക് സർക്കാർ ഉദ്യോഗം ലഭിച്ചപ്പോൾ ഇ.രാഘവമേനോനെ തൽസ്ഥാനത്ത് നിയമിച്ചു.

പിന്നീട് സ്ഥാപകനായ കൊച്ചുണ്ണി മേനോൻ തന്നെ സ്കൂളിൽ ഫോർത്ത്ഫോറം തുടങ്ങാനുള്ള ശ്രമമാരംഭിച്ചു. അദ്ദേഹത്തിന്റെ നിരന്തര പരിശ്രമങ്ങളുടെ ഫലമായി 1946 ജൂണിൽ എൽ.എസ്.എസ് കുറ്റൂർ ഹൈസ്കൂളായി പരിണമിച്ചു. പ്രായാധിക്യവും മറ്റ് ഭൗതികസാഹചര്യങ്ങളും നിമിത്തം സ്കൂളിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടു പോകാൻ അദ്ദേഹത്തിന് സാധിക്കാതെയായി. ആ ഘട്ടത്തിൽ അകാലത്തിൽ പൊലിഞ്ഞുപോയ തന്റെ പ്രിയപുത്രി ചന്ദ്രമതിയുടെ പേര് സ്കൂളിന് നൽകണമെന്ന വ്യവസ്ഥ മാത്രം മുന്നോട്ടു വെച്ച് അദ്ദേഹം സ്കൂൾ കെട്ടിടവും ലൈബ്രറിയും ലബോറട്ടറിയും മാനേജരുടെ ക്വാർട്ടേഴ്സും ഉൾപ്പെട്ട ഒരേക്കർ പത്ത് സെന്റ് ഭൂമി സർക്കാറിന് വിട്ടുകൊടുത്തു. കുറ്റൂർ ചന്ദ്രാമെമ്മോറിയൽ ഗവൺമെന്റ് ഹൈസ്കൂളിന്റെ (ഹയർ സെക്കന്ററി സ്കൂളിന്റെ) ജനനം അങ്ങിനെയാണ്. ഈ സ്ഥാപനം സർക്കാരിലേക്ക് കൈമാറാൻ തീരുമാനിച്ചപ്പോൾ അതിനുവേണ്ടി പരിശ്രമിച്ച വിശിഷ്ട വ്യക്തിയാണ് ശ്രീ.പനമ്പിള്ളി ഗോവിന്ദമേനോൻ.

സ്കൂളിന് സ്വന്തമായ കളിസ്ഥലം എന്ന ആശയം യാഥാർത്ഥ്യമായത് സ്കൂളിന്റെ വടക്കുവശത്തെ മുക്കാട്ടുകരക്കാരൻ തരുതു ദേവസ്സിയുടെ വകഭൂമി സർക്കാർ ഏറ്റെടുത്തതോടെയാണ്. സ്കൂളിൽ എണ്ണൂറോളം കുട്ടികളായപ്പോൾ ആ സ്ഥലം അപര്യാപ്തമായി തോന്നുകയും, അതിന്റെ കിഴക്കുവശത്തുനിന്ന് ഒരേക്കർ തൊണ്ണൂറ്റിയഞ്ച് സെന്റ് കൂടി സർക്കാർ പൊന്നും വിലയ്ക്കെടുത്തു.

പ്രഗത്ഭരും, പ്രശസ്തരുമായ ഒട്ടേറെ അദ്ധ്യാപകർ വിദ്യാലയത്തിൽ ജോലി ചെയ്തിട്ടുണ്ട്. മലയാള കവിതയുടെ ശ്രീ ആയിരുന്ന വൈലോപ്പിള്ളി ശ്രീധരമേനോനും, അദ്ദേഹത്തിന്റെ ഭാര്യ ഭാനുമതിയമ്മയും ഈ വിദ്യാലയത്തിലെ അദ്ധ്യാപകരായിരുന്നു. രണ്ടു വട്ടം കേരള നിയമസഭാ സ്പീക്കറായിരുന്ന ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ ഈ സരസ്വതീക്ഷേത്രത്തിലെ വിദ്യാർത്ഥിയായിരുന്നു. കെ.സി.ഫ്രാൻസിസ് മാസ്റ്റർ ("ന്യൂസ്പേപ്പർ ബോയ്" എന്ന ആദ്യചലച്ചിത്രത്തിലെ ഗാനരചയിതാവ് എന്ന നിലയിൽ ശ്രദ്ധേയനാണ്.) എന്നിവർ എടുത്തു പറയേണ്ട വ്യക്തിത്വങ്ങളാണ്.

**അക്കാദമിക് രംഗം:-** ആദ്യത്തെ പബ്ലിക് പരീക്ഷയിൽത്തന്നെ 100/- വിജയം നേടാനായി എന്നത് കുറ്റൂർ സ്കൂളിന്റെ ചരിത്രത്തിലെ അഭിമാനർഹമായ നേട്ടമാണ്. പിൽക്കാലത്തും അഭിമാനർഹമായ നേട്ടം നിലനിർത്താൻ സാധിച്ചു. പക്ഷേ ഒരു കാലഘട്ടത്തിൽ രാഷ്ട്രീയത്തിന്റെ അതിപ്രസരം ഈ വിദ്യാലയത്തേയും ബാധിയ്ക്കുകയും വിജയശതമാനം കുറയുകയും ചെയ്തിട്ടുണ്ട്. അല്പകാലത്തിനുള്ള അദ്ധ്യാപകരുടേയും, രക്ഷിതാക്കളുടേയും, നാട്ടുകാരുടെയും PTA യുടേയും കൂട്ടായ ശ്രമഫലമായി താഴ്ചയിൽ നിന്നും ഉയർച്ചയിലേക്ക് ഈ വിദ്യാലയത്തെ കൈപിടിച്ചുകയറ്റാൻ സാധിച്ചു. 2014 S.S.L.C പരീക്ഷയിൽ 100% വിജയം നേടുകയും പിന്നീടുള്ള വർഷങ്ങളിലും, തിളക്കമാർന്ന വിജയം കൊയ്യാനും കുറ്റൂർ ഗവ. സ്കൂളിന് സാധിച്ചിട്ടുണ്ട്.

2003-04 ൽ ഈ സ്കൂളിൽ ചരിത്രത്തിലെ മറ്റൊരു പ്രധാന സംഭവമാണ് 2004 ജൂൺമാസത്തിൽ പ്ലസ്-ടു (ഹയർസെക്കണ്ടറി) ആരംഭിക്കാൻ അനുവാദം ലഭിച്ചത്. 2004 ഫെബ്രുവരി 12 ന് ബഹുമാനപ്പെട്ട സ്പീക്കർ എം.പി.ശ്രീ.എസി.ജോസ്, ബഹുമാനപ്പെട്ട ശ്രീ തേറമ്പിൽ രാമകൃഷ്ണൻ എന്നിവർ ഉദ്ഘാടനം നിർവ്വഹിച്ച മനോഹരമായ ഇരു നിലകെട്ടിടത്തിൽ 2004 ജൂലൈ മാസത്തിൽ പ്ലസ്സ് വൺ ക്ലാസുകൾ ആരംഭിയ്ക്കാനുള്ള ഭാഗ്യമുണ്ടായി. സയൻസ്, കോമേഴ്സ് വിഭാഗങ്ങളിൽ ഓരോ ബാച്ചുകളാണ് അനുവദിക്കപ്പെട്ടത്.ശ്രീമതി. കെ. രജനി ടീച്ചറാണ് ആദ്യ പ്രിൻസിപ്പൽ സ്ഥാനം വഹിച്ചത്. ഇപ്പോൾ 60 കുട്ടികളുള്ള നാലു ബാച്ചുകൾ പ്രവർത്തിക്കുന്നു. ഈ കാലഘട്ടത്തിൽ അക്കാദമികവും, സാംസ്കാരികവും, കായികവുമായ നിരവധി നേട്ടങ്ങൾ ഈ വിദ്യാലയം കൈവരിച്ചിട്ടുണ്ട്. കുറ്റൂർ ഹൈസ്കൂളിന്റെ സുവർണ്ണ ജൂബിലിയും, പ്ലാറ്റിനം ജൂബിലിയും വിപുലമായി ജനകീയ കൂട്ടായ്മയോടുകൂടി ആഘോഷിക്കുകയുണ്ടായി. ഈ ആഘോഷങ്ങൾ വെറും ആഘോഷങ്ങളിലൊതുങ്ങാതെ വരും തലമുറയെ മുന്നിൽ കണ്ടുകൂടി ആസൂത്രണം ചെയ്തവയായിരുന്നു. പ്ലാറ്റിനം ജൂബിലി സമയത്ത് ഹെഡ്മാസ്റ്റർ ആയിരുന്നു. ശ്രീ.പി. ഡി. പ്രതീഷ് മാസ്റ്ററുടെ നേതൃത്വത്തിൽ വിവിധ പദ്ധതികൾ വിദ്യാലയത്തിൽ നടപ്പിലാക്കുകയുണ്ടായി അവയിൽ പ്രധാനപ്പെട്ട ഒന്നാണ് 75 വൃക്ഷതൈകൾ നട്ട് സംരക്ഷിക്കുഎന്നത്- ഇതിന് പൂർവ്വ അദ്ധ്യാപകരുടേയും, വിദ്യാർത്ഥികളുടേയും നാട്ടുകാരുടേയും, അദ്ധ്യാപകരുടേയും ആത്മാർത്ഥമായ പിന്തുണ ഉണ്ടായിരുന്നു.

**കലാകായികം:-** പഠനത്തോടൊപ്പം കലാകായികരംഗത്തും മികച്ച നേട്ടങ്ങൾ കൊയ്തെടുക്കാൻ കുറ്റൂർ ഹൈസ്കൂളിന് സാധിച്ചിട്ടുണ്ട്. 1962 ൽ നടന്ന സംസ്ഥാനയുവജനോത്സവത്തിൽത്തന്നെ ശ്രീ. തോബിയാസ് തറയിലിന്റെ നേതൃത്വത്തിലുള്ള നാടകട്രൂപ്പിന് സ്വർണ്ണ മെഡൽ ലഭിയ്ക്കുകയുണ്ടായി. പോൾവോൾട്ട് മത്സരത്തിൽ സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം ലഭിച്ചത് അഭിമാനകരമായ നേട്ടം തന്നെയാണ് പിൽക്കാലങ്ങളിലും ക്രിക്കറ്റ്, ഫുഡ്ബോൾ, ഹോക്കി, ജൂഡോ എന്നീ ഇനങ്ങളിൽ സ്റ്റേറ്റ് തലത്തിലും ദേശീയതലത്തിലും സമ്മാനാർഹരായിട്ടുണ്ട്.

പ്രവർത്തി പരിചയ മേളകൾ, ജില്ലാ സംസ്ഥാന കലോത്സവങ്ങൾ സീഡ് പ്രവർത്തനങ്ങൾക്കുള്ള ജില്ലാ സംസ്ഥാന മത്സരങ്ങൾ എന്നിവയിൽ ഈ വിദ്യാലയം മികച്ച പ്രവർത്തനം കാഴ്ചവെച്ചിട്ടുണ്ട്. ഹരിതവിദ്യാലയപുരസ്കാരം, മികച്ച സീഡ് കോ- ഓർഡിനേറ്റർ പുരസ്കാരം എന്നിവ കുററൂർ സ്കൂളിലേക്കെത്തിയത് സീഡ് കോ-ഓർഡിനേറ്ററായ ശ്രീമതി-സുമംഗലടീച്ചറുടെയും തുടർന്നുവന്ന ബേബി ടീച്ചറുടേയും നേതൃത്വത്തിലുള്ള കുട്ടികളുടേയും കൂട്ടായ പ്രവർത്തനഫലമായാണ്.

പരിസ്ഥിതി സ്നേഹം, ഭക്ഷ്യസ്വയം പര്യാപ്തത, വിഷരഹിത പച്ചക്കറി ഉൽപാദനം, ഊർജ്ജ സംരക്ഷണം, ശുചിത്വം തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി സ്കൂളിൽ കുട്ടികൾ പ്രവർത്തിച്ചു വരുന്ന പ്രൊജക്ടാണ് മാതൃഭൂമി സീഡ്. 2022 വരെയുള്ള എല്ലാ വർഷങ്ങളിലും സീഡ് വിവിധ അവാർഡുകൾ നമ്മുടെ വിദ്യാലയം നേടിവരുന്നു. പൊതുജനങ്ങൾക്കിടയിൽ വിദ്യാലയത്തിന്റെ പ്രശസ്തി വളർത്തിയതിൽ  സീഡ് മുഖ്യ പങ്കുവഹിച്ചുവരുന്നു.

തൃശ്ശൂർ ജില്ലാപഞ്ചായത്തിന്റെ ധനസഹായത്തോടെ കുറ്റൂർ സ്കൂളിലെ കുട്ടികളും അദ്ധ്യാപകരും ചേർന്ന് നിർമ്മിച്ച 'ലൂസേഴ്സ് ഫൈനൽ ' എന്ന ചലചിത്ര സംസ്ഥാനതലത്തിലും, ദേശീയതലത്തിലും അനേകം അവാർഡുകൾക്ക് അർഹമായി. രാമാനുജൻ ഗണിത സെമിനാർ പേപ്പർ അവതരണത്തിൽ സംസ്ഥാനതലത്തിൽ 'A grade' നേടിയ സയനസാബു, സംസ്ഥാനതലപ്രവർത്തി പരിചയ മേളയിൽ 3-ാം സ്ഥാനത്തിനർഹയായി എന്നതും വളരെ അഭിമാനർഹമാണ്.

പ്ലസ് ടു സയൻസ് വിദ്യാർത്ഥിയായ ഹരീഷ് കെ.എച്ച് എന്ന വിദ്യാർത്ഥി 2018ലെ രാഷ്ട്രപതിയുടെ 'ജീവൻ രക്ഷാപതക് പുരസ്കാരത്തിന് അർഹനായത് ചന്ദ്രാ മെമ്മോറിയൽ ഗവ. സ്കൂളിന്റെ ചരിത്രത്തിലെ അഭിമാനനിമിഷമാണ്.  പുഴയിൽവീണ് മരണത്തോട് മല്ലടിക്കുന്ന ഇതര സ്കൂളിലെ വിദ്യാർത്ഥിയുടെ ജീവൻ രക്ഷിയ്ക്കാനുള്ള ധൈര്യമാണ് ഹരീഷ് പ്രദർശിപ്പിച്ചത്.

വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്ന എല്ലാ ക്ലബ് പ്രവർത്തനങ്ങളും കുറ്റൂർ സ്കൂളിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്. വിദ്യാർത്ഥികളിൽ അച്ചടക്കവും ധൈര്യവും, നേതൃത്വഗുണവും പരിശീലിപ്പിക്കുന്ന സ്റ്റുഡന്റ് **പോലീസ് കേഡറ്റിന്റെ** പ്രവർത്തനം എടുത്തു പറയേണ്ടതാണ്. പഠനപ്രവർത്തനങ്ങൾ കൂടാതെ സബ് ജില്ലാ കലോത്സവം, ശാസ്ത്രമേളകൾ, പഞ്ചായത്ത് തല വിദ്യാഭ്യാസപ്രവർത്തനങ്ങൾ എന്നിവക്കും ഈ വിദ്യാലയം വേദിയായിട്ടുണ്ട്. ഡാൻസ്, പാട്ട്, ചിത്രരചന, ബാന്റ്സെറ്റ്, കരകൗശലവിദ്യകൾ, യോഗ എന്നീ പ്രവർത്തനങ്ങൾക്കും കുറ്റൂർ സ്കൂൾ തുല്യപ്രാധാന്യം നൽകുന്നു.

ശ്രീ. പ്രശാന്ത് ചിറ്റിലപ്പിള്ളി പ്രസിഡണ്ടായ രക്ഷാകർത്തൃസമിതി, ശ്രീമതി രാധിക രാജേഷ്  പ്രസിഡണ്ടായ മാതൃസംഘം എന്നിവ കുറ്റൂർ സ്കൂളിന്റെ പുരോഗതിയ്ക്കായി

അക്ഷീണം പ്രവർത്തിക്കുന്നവരാണ്. വിദ്യാർത്ഥികളുടെ പഠനത്തിനും, ഉന്നതവിദ്യാഭ്യാസത്തിനും പ്രോത്സാഹനം നൽകാൻ സുമനസ്സുകളുടെ സഹായഹസ്തങ്ങൾ എത്താറുണ്ട്. കരിമ്പറ്റ കുടുംബം, മേനേച്ചേരി കുടുംബം, വിരമിച്ച അദ്ധ്യാപകർ, റോട്ടറിക്ലബ്, സന്നദ്ധസംഘടനകൾ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവർ നൽകുന്ന സാമ്പത്തിക സഹായം ഈ വിദ്യാലയത്തിലെ കുഞ്ഞുങ്ങൾക്ക് എന്നും കൈത്താങ്ങാണ്.

യു.പി. വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്താൻ നടപ്പിലാക്കുന്ന അക്ഷരക്കളരി, ഗണിതംലളിതം, എച്ച്.എസ്സ്. വിഭാഗത്തിൽ നടപ്പിലാക്കുന്ന 'ശ്രദ്ധ' നവപ്രഭ' ക്ലാസ്സുകൾ കലാകായികമികവിനായി മഴവില്ല്, 10-ാം ക്ലാസ്സിലെ കുട്ടികൾക്കായി വൈകുന്നേരം 6.30 വരെ നടത്തുന്ന അധികപഠന ക്ലാസ്സുകൾ എന്നിവ വിദ്യാലയത്തിന്റെ വിജയശതമാനം ഉയർത്താനുള്ള ശക്തമായ പ്രവർത്തനങ്ങളാണ്, അദ്ധ്യാപനത്തോടൊപ്പം കലാ. കായികരംഗങ്ങളിൽ മികവുതെളിയിച്ച അദ്ധ്യാപകരും കുറ്റൂർ സ്കൂളിന്റെ അഭിമാനങ്ങളാണ്.

ഇന്ന് ഈ വിദ്യാലയത്തിന്റെ പ്രവർത്തനങ്ങൾക്കെല്ലാം ചുക്കാൻ പിടിക്കുന്ന ഹെഡ്മിസ്ട്രസ് ശ്രീമതി രേഖ രവീന്ദ്രൻ, പ്രിൻസിപ്പാൾ ഇ.കെ. ഗീത എന്നിവർ സ്കൂളിന്റെ അച്ചടക്കം, പഠനനിലവാരം, കലാകായികരംഗത്തെ വിദ്യാർത്ഥികളുടെ സജീവപങ്കാളിത്തം, അവർക്കു നൽകുന്ന പ്രോത്സാഹനങ്ങൾ എന്നിവയിൽ അതീവ ശ്രദ്ധാലുക്കളാണ്. ഇവർ രണ്ടുപേരും ഇവരുടെ ശക്തമായ നേതൃത്വം ഈ സരസ്വതീക്ഷേത്രത്തെ കൂടുതൽ ഉയരങ്ങളിലേയ്ക്കെത്തിക്കട്ടെ എന്ന പ്രതീക്ഷയോടെ പ്രാർത്ഥനയോടെ ഈ സ്കൂൾ ചരിത്ര റിപ്പോർട്ട് ഉപസംഹരിക്കുന്നു.

## ഭൗതിക സൗകര്യം

**ആമുഖം**

ഒരു വിദ്യാലയത്തിന് അതിന്റെ ഫലപ്രദമായ പ്രവർത്തനത്തിന് ഭൗതിക സൗകര്യങ്ങൾ, മനുഷ്യവിഭവശേഷി, സമ്പത്ത് മുതലായ വിവിധതരം വിഭവങ്ങൾ വേണം. വിദ്യാർത്ഥികൾക്ക് സുരക്ഷിതത്വവും സ്വാതന്ത്ര്യവും ശിശുസൗഹൃദവും സൗകര്യപ്രദവുമായ അന്തരീക്ഷവും ഒരുക്കണം. ഈ വിഭവങ്ങളുടെ ലഭ്യതയും കാര്യക്ഷമതയുമാണ് ഏറ്റവും പ്രധാനമായി പരിഗണിക്കേണ്ടത്. ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യസുരക്ഷാ സംവിധാനങ്ങൾ ഉറപ്പ് വരുത്തി ലഭ്യമായ വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കുമ്പോൾ ഒരു വിദ്യാലയം മികവുറ്റതാകുന്നു.

1. വിദ്യാലയത്തിന് ലഭ്യമായ സ്ഥലം 5'/, ഏക്കർ കോലഴി ഗ്രാമപഞ്ചായത്തിലെ 1942 ൽ കരിമ്പറ്റ കൊച്ചുണ്ണി മേനോൻ ഈ വിദ്യാലയം സ്ഥാപിച്ചു.
2. 5 മുതൽ 12 വരെ ക്ലാസ്സുകളിലേക്കുള്ള അധ്യായനമാണ് ഇവിടെ നടക്കുന്നത്.

പഠനഗ്രൂപ്പ്

മുന്നോക്കം നിൽക്കുന്ന കുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ട് സഹവർത്തിതപഠനത്തിനു വിധേയമാക്കി എല്ലാ കുട്ടികൾക്കും അടിസ്ഥാനശാസ്ത്ര തത്വങ്ങൾ ബോധ്യപ്പെടുത്തി മുന്നോട്ട് പോകുന്ന ഒരു ബൃഹത് പദ്ധതിയാണ് രൂപകല്പന ചെയ്തിരിക്കുന്നത്. ഇതിൽ ആവശ്യംവേണ്ട അറിവുകൾ ഉൾപ്പെടുത്തി എല്ലാ വർക്കും അറിവ് ഉറപ്പാക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ലോകരെ ടെസ്റ്റ്

പഠനത്തിൽ മിടുക്കരായവരും വിദ്യാലയത്തിൽ നിന്ന് മാറി ഉന്നത പഠനത്തിൽ ഏർപ്പെട്ടിട്ടുള്ള പൂർവ്വവിദ്യാർത്ഥികളെ കൂടി ഉൾപ്പെടുത്തി കുട്ടികൾക്ക് ശാസ്ത്രബോധ നത്തിനായി ഉപയോഗപ്പെടുത്തുന്നു. പഠനത്തിനുശേഷവും വിദ്യാലയവുമായുള്ള ബന്ധം നിലനിർത്താൻ ഈ പദ്ധതി സഹായിക്കുന്നു. പ്രാദേശികമായി സ്കൂളുമായി ഈ പദ്ധതി സഹായിക്കുന്നു.

പഠനാസൂത്രണം

ഈ വിദ്യാലയത്തിലുള്ള ലാബുകളുടെ സാധ്യതകൾ ഉപയോഗിച്ചുകൊണ്ട് പഠനം സുഗമമാക്കാൻ പഠനാസൂത്രണം സഹായിക്കുന്നു.

**സഞ്ചരിക്കുന്ന ലാബ്**

വിദ്യാലയത്തിന്റെ പഠന സൗകര്യങ്ങൾ മറ്റുള്ള വിദ്യാലയങ്ങളിൽ എത്തിക്കുന്നതിനും മറ്റു feeding schools ആയി ആരോഗ്യകരമായ ബന്ധം സ്ഥാപിക്കാനും ഇത് സഹായി ക്കുന്നു. ചെറിയ കുട്ടികൾക്കും മുതിർന്നവർക്കും ഓരോ പോലെ ചിന്തോദ്ദീപകവും, രസകരവുമായ പരീക്ഷണങ്ങളാണ് ഈ വിദ്യാലയത്തിലെ സഞ്ചരിക്കുന്ന ലാബിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

പഠന സാമഗ്രി നിർമ്മാണ വർക്ക്ഷോപ്പ്

പഠനം രസകരമാക്കുവാനും ശാസ്ത്ര താല്പര്യം വർദ്ധിപ്പിക്കാനും ലഭ്യമായ ലോക്കൽ വസ്തുക്കൾ, പാഴ് വസ്തുക്കൾ, പ്ലാസ്റ്റിക് കുപ്പികൾ, മുതലായ സാധന ങ്ങൾ ഉപയോഗിച്ചുകൊണ്ട് പഠനസാമഗ്രി വർക്കഷോപ്പ് സംഘടിപ്പിച്ചുകൊണ്ട് ഒരു വിദ്യാർത്ഥിക്ക് ശാസ്ത്രകളിപ്പാട്ടങ്ങൾ നൽകുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേ ശിക്കുന്നത്.

ശാസ്ത്രനാടക കളരി

കുട്ടികളിലെ ശാസ്ത്ര വിജ്ഞാനത്തോടൊപ്പം കുട്ടികളിൽ സമൂഹത്തോടെ വ്യവ ഹരിക്കാനുള്ള stage fear അഥവാ സഭാകമ്പം മാറ്റുവാനുള്ള കളരിയാണ് ശാസ്ത്ര നാടക കളരി. ഈ കളരിയിൽ ജൂൺമുതൽ അഭിനയ കളരിയിൽ രക്ഷിതാക്കളുടെ സഹകരണ ത്തോടെ ഈ പദ്ധതി നടപ്പാക്കുന്നു.

ശാസ്ത്രമാഗസിൻ

കുട്ടികളിൽ ശാസ്ത്രാവബോധത്തോടൊപ്പം രചനാത്മകമായ തലത്തിൽ കൂടി പരി പോഷിപ്പിക്കേണ്ടതുണ്ട്. പല ശാസ്ത്രതാല്പര്യം സർഗ്ഗാത്മകതലത്തിൽ വേണ്ട വിധം

ഉയരാറില്ല ഇതിനായി ഓരോ ക്ലാസ്സും ഓരോ ശാസ്ത്ര മാഗസിൻ തയ്യാറാക്കാം. ചിത്രങ്ങൾ, ശാസ്ത്രജ്ഞൻ മാരുടെ വിവരണങ്ങൾ, അവരുടെ ചെറിയ ജീവിത കുറിപ്പുകൾ ഇവ നിർമ്മിക്കാൻ ശാസ്ത്ര മാഗസിൻ പ്രയോജനപ്പെട്ടതാണ്.

## ശാസ്ത്ര പ്രദർശനം

അവരവരുടെ അറിവിൽ നിന്നും അർപ്പണബോധത്തിൽ നിന്നും നിർമ്മിച്ചിട്ടുള്ള ശാസ്ത്രവസ്തുകൾ, ചാർട്ടുകൾ, സ്റ്റീൽ മോഡലുകൾ വർക്കിംഗ് മോഡലുകൾ, സയൻസ് ഫൺ സയൻസ് ഡയറി, മാഗസീനുകൾ ഇവ പ്രദർശിപ്പിക്കാനുള്ള വേദിയായി ശാസ്ത്ര പ്രദർശനം ഉപയോഗപ്പെടുത്താം.

## ശാസ്ത്ര സെമിനാർ

ശാസ്ത്ര ദിനങ്ങൾ, പ്രാധാന്യമുള്ള ദിനാചരണങ്ങൾ എന്നീ ദിവസങ്ങളിൽ ആ വിഷയവുമായി ബന്ധപ്പെട്ട ശാസ്ത്ര സെമിനാറുകൾ സംഘടിപ്പിക്കാം.

## ശാസ്ത്രസിനിമാപ്രദർശനം

ഒഴിവുസമയങ്ങളിൽ ശാസ്ത്രതത്വങ്ങൾ, കണ്ടുപിടുത്തങ്ങൾ പരീക്ഷണങ്ങൾ ഇവയുടെ video പ്രദർശനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

# മാനവിക വിഷയങ്ങൾ

## ആമുഖം

മാനവിക വിഷയങ്ങളായ ചരിത്രം, ഭൂമിശാസ്ത്രം, പൗരധർമ്മം, സാമ്പത്തികശാസ്ത്രം, സോഷ്യോളജി, കോമേഴ്സ്, തുടങ്ങിയവയിൽ 5 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളിൽ പഠനമികവ് ഉറപ്പാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. മാനവിക വിഷയങ്ങളിൽ നേരിടുന്ന പ്രധാനവെല്ലുവിളികൾ ചർച്ചചെയതാൽ മാത്രമേ പദ്ധതിരൂപീകരണവും, പ്രശ്നപരിഹാരവും സാധ്യമാകൂ. ശാസ്ത്രവിഷയപഠനത്തിലൂടെ മാത്രമേ തൊഴിൽ ലഭിക്കുകയുള്ളൂ എന്ന സമൂഹത്തിന്റെ വികലമായ കാഴ്ചപ്പാചിൽ മാറ്റം വരേണ്ടതാണ്. വിദ്യാഭ്യാസം കേവലം തൊഴിൽ നേടാനുള്ള ഒരു ഉപാധി മാത്രമല്ല മാനസിക സാംസ്കാരിക മേഖലകളിലെ വികസനം കൂടി അതിലൂടെ സാധ്യമാകണം. ഇതിന് മാനസിക വിഷയപഠനത്തിന് വലിയൊരു സ്ഥാനമുണ്ട്. മാനസിക വിഷയങ്ങൾ പഠിയ്ക്കുന്ന കുട്ടികളുടെ സാമൂഹിക സാമ്പത്തിക സ്ഥിതിഗതികളും പഠന വിധേയമാകണം. വികസിത രാജ്യങ്ങളിൽ ഏറെ പ്രാധാന്യം നൽകുന്ന മാനവിക വിഷയപഠനത്തിന് നമ്മുടെ നാട്ടിൽ വേണ്ടത്ര സ്ഥാനം ലഭിക്കുന്നില്ല. ഈ വിഷയങ്ങൾ പഠിക്കുന്ന കുട്ടികളോട് സമൂഹത്തിനുള്ള മനോഭാവവും മാറേണ്ടതുണ്ട്.

ഈ വിഷയങ്ങളുമായി കുട്ടികൾ, അദ്ധ്യാപകർ, സംവിധാനം എന്നിവർ നേരിടുന്ന അക്കാദമികം, ഭൗതിക, സാമൂഹികമേഖലകളിലെ പ്രശ്നങ്ങൾ വിശകലനം ചെയ്ത് പരിഹാരമാർഗ്ഗങ്ങൾ ഉൾക്കൊള്ളുന്ന പ്രവർത്തന പദ്ധതികളുടെ രൂപരേഖ താഴെ കൊടുക്കുന്നു. കാലാനുസൃതമായി മാറ്റങ്ങൾക്കും കൂട്ടിച്ചേർക്കലുകൾക്കും ഇവ വിധേയമാകേണ്ടതുണ്ട്.

ക്ലാസ്സ്

| | കുട്ടികൾ | | |
|---|---|---|---|
| | ആൺ | പെൺ | ആകെ |
| 5 | 63 | 40 | 103 |
| 6 | 52 | 37 | 89 |
| 7 | 78 | 38 | 116 |
| 8 | 60 | 48 | 108 |
| 9 | 71 | 46 | 117 |
| 10 | 69 | 45 | 114 |
| +1 സയൻസ് | | | 60 |
| + കോമേഴ്സ് | | | 60 |
| +2 സയൻസ് | | | 60 |
| +2 കോമേഴ്സ് | | | 60 |

3. ആകെ 7 കെട്ടിടങ്ങളാണ്. പുതിയ ഒരു കെട്ടിടം പണി നടന്നു വരുന്നു.
4. കലാ-കായിക പഠനം സ്കൂളിൽ നടക്കുന്നുണ്ട്. പ്രവർത്തി പരിചയ പഠനത്തിന് പാർട്ട് ടൈം അധ്യാപികയുടെ ഒരു സേവനം മാത്രമാണുള്ളത്. ഈ വിഷയങ്ങളുടെ പഠനം മികവുറ്റതാക്കുവാൻ നിരവധി സാമഗ്രികൾ ആവശ്യമാണ്. ആവശ്യമായ മുറികൾ വിദ്യാലയത്തിൽ ഇല്ലെതന്നെയെന്നു പറയാം. ഇൻഡോർ സ്റ്റേഡിയം, ഡ്രസ്സിംഗ് റൂം സെമിനാർ ഹാൾ എന്നിവ അനിവാര്യമാണ്.
5. വിദ്യാലയത്തിൽ ആകെ 20 ഡിവിഷനുകൾ ഉണ്ട് വിദ്യാലയത്തിൽ ആകെയുള്ള ക്ലാസ്സ് മുറികൾ 21 ആണ്. എന്നാൽ പ്രവൃത്തി പഠനം, കലാപഠനം, സന്ദർശന മുറി, സിക്ക് റൂം, ഉപഭാഷാ പഠനം, തുടങ്ങിയ സ്കൂൾ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിന്ആവശ്യമായ മുറികൾ ഇല്ല. കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് റൂം ഇവയുടെ ഭൗതിക സൗകര്യം ഫലപ്രദമല്ല.
6. കുട്ടികൾക്ക് ബെഞ്ച്, ഡസ്ക്, എന്നീ ഇരിപ്പിട സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്. അവ പഴയതും വേണ്ടത്ര സൗകര്യങ്ങൾ ഇല്ലാത്തതും നിലവിലുള്ള പാഠ്യപദ്ധതി അനുസരിച്ച് പഠന പ്രക്രിയയിൽ ഏർപ്പെടാൻ തടസ്സമുണ്ടാക്കുന്നതുമാണ്. അധ്യാപകർക്ക് ഇരിക്കാനും എഴുതാനും ആവശ്യമായ കസേര,മേശ, അലമാര എന്നിവ വേണ്ടത്രയില്ല.

   20 കസേരകളും 20 മേശയും 20 അലമാരയും ആവശ്യമാണ്. അടിയന്തിരമായി 50 ബെഞ്ചും, 50 ഡസ്ക്കും ആവശ്യമാണ്. ഇതിനായി 20 ലക്ഷം രൂപ കാണേണ്ടതുണ്ട്.
7. മറ്റാവശ്യങ്ങൾക്കുള്ള മുറികൾ, സ്റ്റാഫ് റൂം, പെൺകുട്ടികൾക്കുള്ള പ്രത്യേക മുറി, ലൈബ്രറി, ലാബ് സൗകര്യങ്ങൾ, സന്ദർശനമുറി, വായനാ സൗകര്യം, കോൺഫറൻസ് ഹാൾ, എന്നിവ ലഭ്യമാക്കണം. അസംബ്ലി ഹാൾ ആധുനിക സൗകര്യമുള്ള അടുക്കള, സ്റ്റോർ റൂം ഡൈനിംഗ് ഹാൾ, നീന്തൽകുളം എന്നിവയും ലഭ്യമല്ല. ഇതിനായി 50 ലക്ഷം രൂപ കാണേണ്ടതുണ്ട്.

8.മുഴുവൻ സമയവും ഗ്രന്ഥശാല ലൈബ്രേറിയൻ സ്കൂളിൽ അത്യന്താപേക്ഷിതമാണ്. അധ്യാപകന് അധിക ചുമതല നൽകിയാണ് ലൈബ്രറി പ്രവർത്തനം സാധ്യമാക്കുന്നത്. വിദ്യാലയത്തിനു വേണ്ട ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഇല്ല എന്നു വേണം പറയുവാൻ. ഇവയുടെ ലഭ്യത ഉറപ്പാക്കണം.

ലാബ് പ്രവർത്തനം സാധ്യമാക്കുന്നതിന് ഒരു ലാബ് അസിസ്റ്റന്റിന്റെ സേവനം അത്യാന്താപേക്ഷിതമാണ്. ഓരോ വിഷയത്തിനും വെവ്വേറെ ലാബുകൾ ലഭ്യമല്ല. അതുപോലെ ലാബിനു വേണ്ട സാമ്രികൾ സൂക്ഷിക്കാനുള്ള അലമാര, പരീക്ഷണങ്ങൾ നടത്തുന്നതിനുള്ള സൗകര്യം എന്നിവ വേണ്ടത്ര ലഭ്യമല്ല. ഇതിനായി 20 ലക്ഷം രൂപ നീക്കി വെക്കേണ്ടതാണ്.

9.വിദ്യാലയത്തിൽ ആകെ കമ്പ്യൂട്ടറുകൾ ഉണ്ട്.

ഹൈസ്കൂൾ - 12

ഹയർ സെക്കന്ററി -2

| ഇനം | ഹൈസ്കൂൾ | ഹയർ സെക്കണ്ടറി |
|---|---|---|
| ഇവയിൽ പഠിക്കാനും പഠിപ്പിക്കാനും | 11 | 20 |
| ഭരണപരം | 1 | 1 |
| ലൈബ്രററിയിൽ കമ്പ്യൂട്ടർ | ഇല്ല | ഇല്ല |
| ഇനിയുടം ആവശ്യമായ കമ്പ്യൂട്ടർ | 20 | |

സ്കൂളിലേക്കുള്ള ഇന്റർനെറ്റ് സൗകര്യം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇതിനായി 10 ലക്ഷം രൂപ കാണേണ്ടതുണ്ട്

10. മറ്റു ഉപകരണങ്ങളുടെ ലഭ്യത താഴെ പറയും പ്രകാരമാണ്.

| ഇനം | ലഭ്യമായ എണ്ണം | ആവശ്യം |
|---|---|---|
| റേഡിയോ | - | 2 |
| ടിവി | 1 | 2 |
| DVD playes | - | 2 |
| LCD Projects | 1 | 4+ |
| Laptop | 12+ | 20+ |
| ജനറേറ്റർ | | 2 |
| സൗണ്ട് സിസ്റ്റം | 1 | 2 |
| UPS 3KV | - | 3 |
| പ്രിന്റർ | 2 | 2 |
| ക്യാമറ | - | 2 |
| സിസിടിവി | - | 7 എണ്ണം |

11 ശുചി മുറി പ്രവർത്തന ക്ഷമമായ ശുചിമുറികളുടെ എണ്ണം ക്ലോസറ്റോടുകൂടിയ കക്കൂസ് (ആകെ കുട്ടികൾ)

| വിഭാഗം | 5-10 | 11-12 |
|---|---|---|
| ആൺകുട്ടികൾക്ക് | 2 | 5 |
| പെൺകുട്ടികൾക്ക് | 9 | 4 |
| ഭിന്നശേഷിക്കാർക്ക് | 1 | - |
| ആൺകുട്ടികൾക്കുള്ള മൂത്രപ്പുര | 1 | 1 |
| ജീവനക്കാർക്കുള്ള പ്രത്യേക ശുചിമുറി | 3 | 2 |

12.ജല ലഭ്യത

1. ആകെ ടാപ്പുകളുടെ എണ്ണം- 25
2. കൈകഴുകുന്നതിനും നിലവിൽ വേണ്ടത് 50
3. കുടിവെള്ള സ്രോതസ്സ് കിണർ

13. **ജലശുദ്ധീകരണ പരിപാടി - തിളപ്പിക്കൽ**

ജലം ശുദ്ധീകരണത്തിനായി നിശ്ചിത ഇടവേളയിൽ കിണറിൽ ക്ലോറിനേഷൻ നടത്തുന്നു. വിദ്യാലയത്തിൽ കുട്ടികൾക്ക് തിളപ്പിച്ചാറിയ വെള്ളം ലഭ്യമാക്കേണ്ടതുണ്ട്. ഇതിനായി 2 ലക്ഷം രൂപ കാണേണ്ടതുണ്ട്.

14. **ജല സംഭരണ സംവിധാനം**

വിദ്യാലയിൽ ആകെ വാട്ടർടാങ്കുകൾ- 6 എണ്ണം. വർഷത്തിൽ 2 പ്രാവശ്യം ടാങ്കുകൾ വൃത്തിയാക്കാറുണ്ട്.

15. ആഴ്ചയിൽ ഒരു ദിവസം പൊതു അസംബ്ലി നടത്താറുണ്ട്. പക്ഷേ അതിനായി അസംബ്ലി ഹാൾ ലഭ്യമല്ല.

16. **ഉച്ചഭക്ഷണം**

വിദ്യാലയത്തിൽ തന്നെ ഭക്ഷണം തയ്യാറാക്കി നൽകുന്നു. ഓരോ ദിവസവും നൽകുന്ന വൈവിധ്യമാർന്ന ഭക്ഷണഇനം പ്രദർശിപ്പിക്കാറുണ്ട്. പരിമിത സൗകര്യങ്ങളോടുകൂടിയ പാചകപ്പുരയാണ് വിദ്യാലയത്തിലുള്ളത്. ഉച്ചഭക്ഷണത്തിന് ഒരു ഡൈനിംഗ് ഹാൾ ലഭ്യമല്ലാത്തതിനാൽ ക്ലാസ്സ് മുറിയിലിരുന്നാണ് കഴിക്കുന്നത്. ആകെ 143 കുട്ടികൾ ഉച്ചഭക്ഷണം കഴിക്കുന്നുണ്ട്.

17. **വൈദ്യുതീകരണം**

വിദ്യാലയത്തിൽ എല്ലാ ക്ലാസിലേക്കും വൈദ്യുതി ഉണ്ട്.

18. ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഓരോ വിഷയത്തിനും ലാബുകൾ ഉണ്ട്. എന്നാൽ ഹൈസ്കൂൾ വിഭാഗത്തിന് ഇത് ലഭ്യമല്ല.

19. 2017-18 ൽ സൗജന്യമായി കുട്ടികൾക്ക് പാഠപുസ്തകം നൽകി. 213 കുട്ടികൾക്ക് സൗജന്യയൂണിഫോം നൽകി. 200 കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നുണ്ട്.

20. ഔഷധസസ്യത്തോട്ടവും ശലഭോദ്യാനവും വിദ്യാലയത്തിൽ ഉണ്ട്. ആനന്ദകര

മായ പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്ന ഒന്നാണ് പൂന്തോട്ടം. വിദ്യാലയത്തിലെ പൂന്തോട്ടം വികസിപ്പിക്കേണ്ടതുണ്ട്. കുട്ടികൾ വിശ്രമിക്കാൻ ആവശ്യമായ പുൽത്തകിടികൾ, ബെഞ്ചുകൾ, എന്നിവ ഉണ്ടാകണം. ജൈവവൈവിധ്യത്തിന് മുതൽക്കൂട്ടാകുന്ന രീതിയിൽ ചെടികളും തണൽമരങ്ങളും ആവശ്യമാണ്. ഏതാണ് 10 ലക്ഷം ചെലവ് പ്രതീക്ഷിക്കുന്നു,

21. പാർക്കിംഗ് ഏരിയ

വിദ്യാലയത്തിലേക്ക് വരുന്ന വാഹനങ്ങൾ പാർക്കുചെയ്യുന്നതിന് ഷെഡ് ആവശ്യമാണ് ഇതിനായി 15 ലക്ഷം രൂപ കാണേണ്ടതാണ്.

22. സൗരോർജ്ജപാനൽ

വിദ്യാലയത്തിനാവശ്യമായ വൈദ്യുതോർജ്ജം ലഭ്യമാക്കുന്നതിന് സൗരോർജ്ജപാനൽ സജ്ജീകരിക്കേണ്ടതുണ്ട്. ഇതിനായി 50 ലക്ഷം രൂപ കാണേണ്ടതുണ്ട്.

സാമൂഹിക പങ്കാളിത്തം.

വിദ്യാലയത്തിലെത്തുന്ന ഓരോ കുട്ടിയും അന്താരാഷ്ട്രതലത്തിലുള്ള ഏതൊരു കുട്ടിയോടും കിടപിടിക്കുന്ന ധാരണ, നൈപുണി, ശേഷി, മനോഭാവം എന്നിവ ആർജ്ജിക്കുന്നതിനുള്ള പ്രവർത്തനമാണ് നാം ഏറ്റെടുത്തിരിക്കുന്നത് . ഇതിനായി നിലവിലുള്ള സ്കൂൾ സമിതികളെ ശക്തിപ്പെടുത്തണം. വിദ്യാലയ വികസനസമിതി PTA, SMC, SMDC സ്കൂൾ സഹായ സമിതി, മാതൃസമിതി കലാ സാംസ്കാരിക സമിതി, പൂർവ്വ വിദ്യാർത്ഥി സംഘടന, പൂർവ്വ അധ്യാപക സംഘടന, പ്രാദേശിക വായനശാലകൾ, ക്ലബ്ബുകളുടെ ഏകോപന സമിതി തുടങ്ങിയ സാമൂഹിക സഹായ സംവിധാനങ്ങളുടെ പ്രവർത്തനം സ്ക്കൂൾ പദ്ധതിയുമായി ഏകോപിപ്പിക്കണം. ഇതിനായി നിരവധി കൂടിച്ചേരലുകളും ചർച്ചകളും യോഗങ്ങളും നടക്കണം. ഇതിലേക്കായി വരുന്ന ചെലവുകൾക്കായി 25,000/- രൂപ നീക്കിവെക്കേണ്ടതാണ്.

## ഭക്ഷണം ശുചിത്വം ആരോഗ്യം

<u>ആമുഖം</u>

ആരോഗ്യ പൂർണ്ണമായ ഒരു പുതുതലമുറയെ വളർത്തിയെടുക്കുന്നതിന് നല്ല ഭക്ഷണ ശുചിത്വശീലങ്ങൾ ജീവിതത്തിൽ ക്രമീകരിക്കേണ്ടതാണ്. സ്വന്തം വീടുകളിലും വിദ്യാലയങ്ങളിലും അതിനുള്ള ക്രമീകരണങ്ങൾ നടപ്പിലാക്കിയാൽ പല ജീവിതശൈലി രോഗങ്ങളെയും നമുക്ക് തടയുവാൻ കഴിയും.

ഞങ്ങളുടെ സ്കൂളിൽ ഉച്ചഭക്ഷണ പരിപാടിയിൽ (5 മുതൽ 8 വരെ) 97+46) കുട്ടികളാണ് പങ്കെടുക്കുന്നത്. ആഴ്ചയിൽ ചൊവ്വ, വ്യാഴം ദിവസങ്ങളിൽ 150ml വീതം പാലും ബുധനാഴ്ച ദിവസങ്ങളിൽ മുട്ടയും നൽകിവരാറുണ്ട്. പോഷകസമൃദ്ധമായ കറികൾ

ചോറിനൊപ്പം നൽകുന്നുണ്ട്. പഴവർഗ്ഗങ്ങളും ഉൾപ്പെടുത്താറുണ്ട്. തിളപ്പിച്ചാറിയ ശുദ്ധ ജലമാണ് കുടിക്കുവാൻ ഉപയോഗിക്കുന്നത്. മാസത്തിൽ ഒരു തവണ ചിക്കൻ കറിയും ബിരിയാണിയും നൽകി വരുന്നുണ്ട്. അധികപഠനം ആവശ്യമായ കുട്ടികൾക്കു വൈകു ന്നേരങ്ങളിൽ ഭക്ഷണം നൽകി വരുന്നു.

അക്കാദമിക പ്രശ്നങ്ങൾ - ഭക്ഷണം

1. പ്രഭാത ഭക്ഷണം കഴിക്കാതെ വരുന്ന കുട്ടികൾ
2. ഉച്ചഭക്ഷണം ആവശ്യത്തിന് കഴിക്കുന്നില്ല
3. ആവശ്യത്തിന് വെള്ളം കുടിക്കുന്നില്ല

കാരണങ്ങൾ

1. വീട്ടിൽ നിന്ന് സ്കൂളിലേയ്ക്ക് നേരത്തെ ഇറങ്ങുന്നതു മൂലവും രക്ഷിതാക്കൾ ജോലിയ്ക്ക് പോകുന്നതുകൊണ്ടും പ്രഭാതഭക്ഷണം കഴിയ്ക്കാതെയാണ് സ്കൂളിലേക്ക് വരുന്നത്. ഒരു ദിവസത്തേക്കു മുഴുവനുമുള്ള ഊർജ്ജം പ്രധാനം ചെയ്യുന്ന പ്രധാന ഭക്ഷണത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നില്ല. സാമ്പത്തിക പ്രശ്നങ്ങൾക്കും പങ്കുണ്ട്.

പരിഹാര നിർദ്ദേശം

ബോധവൽക്കരണ ക്ലാസ്സുകൾ

ക്ലാസ്സ് പി.ടി.എ

സ്കൂളിൽ പ്രഭാതഭക്ഷണത്തിനുള്ള സാഹചര്യം ഒരുക്കുക

പ്രവർത്തനം

പ്രഭാതഭക്ഷണപരിപാടി

ബോധവൽക്കരണ ക്ലാസ്സുകൾ

ഉച്ചഭക്ഷണം ആവശ്യത്തിന് കഴിക്കുന്നില്ല

കാരണങ്ങൾ

സ്ക്കൂളിലേക്ക് നേരത്തെ ഇറങ്ങുന്നതുകൊണ്ട് ഉച്ചഭക്ഷണം കൊണ്ടുവരുന്നില്ല. ജോലി യുള്ള രക്ഷിതാക്കൾ ജോലിയ്ക്ക് നേരത്തെ പോകുന്നു. ഉച്ചഭക്ഷണവിതരണം ഏഴാം ക്ലാസ്സ് വരെ മാത്രമേ ഉള്ളു. വീട്ടിലെ സാമ്പത്തികപ്രശ്നങ്ങളു കാരണമാകുന്നുണ്ട്. ക്ലാസ്സിൽ ഉച്ചഭക്ഷണം കൊണ്ടുവരാത്ത കുട്ടികളെ അധ്യാപകർ തിരിച്ചറിയുന്നില്ല.

പരിഹാര നിർദ്ദേശം

പി.ടി.എയുടെയും M.P.T.A യുടെയും സഹകരണത്തോടെ ഉച്ചഭക്ഷണപരിപാടിമെ ച്ചപ്പെടുത്തുക

9 മുതൽ 12 വരെ ക്ലാസ്സുകളിലെ ഭക്ഷണം കഴിക്കാത്ത കുട്ടികളെ കണ്ടെത്തി സ്കൂളിൽ നിന്ന് ഉച്ചഭക്ഷണം നൽകുക ഉച്ചഭക്ഷണം കൂടുതൽ രുചികരവും പോഷകസമൃദ്ധവും ആക്കുക.

ആധുനിക അടുക്കളയും ഡൈനിംങ് ഹാളും നിർമ്മിക്കുക

<u>പ്രവർത്തനം</u>

ഉച്ചഭക്ഷണപരിപാടി വിപുലീകരണം

ആധുനിക അടുക്കള / ഡൈനിം ഹാൾ നിർമ്മാണം.

3.ആവശ്യത്തിന് വെള്ളം കുടിക്കുന്നില്ല

<u>കാരണങ്ങൾ</u>

വീട്ടിൽ നിന്നും വെള്ളം കൊണ്ടുവരുന്നതിനുള്ള മടികൊണ്ട് കൊണ്ടുവരുന്നില്ല. ജീവൽ പ്രവർത്തനങ്ങൾക്ക് ധാരാളം ജലം കുടിക്കേണ്ടതിന്റെ ആവശ്യകത അധ്യാപകരും രക്ഷിതാക്കളും കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുന്നില്ല,

<u>പരിഹാര നിർദ്ദേശം</u>

വാട്ടർ പ്യൂരിഫയറുകൾ സ്ഥാപിക്കുക

തിളപ്പിച്ചാറിയ ജലം കുട്ടികൾക്ക് കുടിക്കാൻ നൽകുക. സ്കൂളിലെ കിണറും പരിസരവും വൃത്തിയായി സൂക്ഷിക്കുക. ഓരോ ക്ലാസ്സിലും കുടിവള്ള സംവിധാനം ഉണ്ടാക്കുക.

<u>പ്രവർത്തനം</u>

കുടിവെള്ളത്തിന്റെ പ്രാധാന്യം ബോധവൽക്കരണക്ലാസ്സുകൾ കുടിവെള്ള സംവിധാനം എല്ലാ ക്ലാസ്സിലും നടപ്പിലാക്കുക.

<u>ഭൗതിക പ്രശ്നങ്ങൾ - ഭക്ഷണം</u>

ഡൈനിംഗ് ഹാൾ, അടുക്കള (ആധുനിക സജ്ജീകരണങ്ങളോടുകൂടിയത് ) വിശ്രമമുറി എന്നിവയുടെ അഭാവം കുട്ടികൾക്ക് ഭക്ഷണം കഴിക്കുന്നതിനാവശ്യമായ പ്ലേറ്റ് ഗ്ലാസ്സ് എന്നവി ലഭ്യമല്ലാത്ത അവസ്ഥ.

ഉച്ചഭക്ഷണത്തിനാവശ്യമായ കറികൾ തയ്യാറാക്കുന്നതിനുള്ള സാമ്പത്തികചെലവ്.

ജൈവപച്ചക്കറികൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്

പാചകത്തിന് സഹായിയെ കിട്ടാനുള്ള വിഷമം

<u>പരിഹാര നിർദ്ദേശം</u>

ആധുനിക സജ്ജീകരണങ്ങളോടുകൂടിയ അടുക്കള, ഡൈനിങ്ങ് ഹാൾ എന്നിവ PTA യുടെയും ,സന്നദ്ധ സംഘടനകളുടെയും സഹായത്തോടെ നിർമ്മിക്കുക.

എല്ലാ കുട്ടികൾക്കും പ്ലേറ്റ്, ഗ്ലാസ്സ് ലഭ്യമാക്കുക

ഉച്ചഭക്ഷണ ഫണ്ട് വിപുലമാക്കുവാൻ ഗവൺമെന്റിന്റെയും തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്തുക.

ജൈവപച്ചക്കറികൾ ലഭ്യമാക്കുവാൻ പച്ചക്കറിത്തോട്ടം കുട്ടികളുടെ വീട്ടിലും സ്കൂളിലും നിർമ്മിക്കുക.

<u>പ്രവർത്തനം</u>

അടുക്കള, ഡൈനിം ഹാൾ നിർമ്മാണം പച്ചക്കറിത്തോട്ട നിർമ്മാണം

### സാമൂഹിക പ്രശ്നങ്ങൾ ഭക്ഷണം

ഉച്ചഭക്ഷണപദ്ധതി നടപ്പിലാക്കുന്നതിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സാമൂഹ്യപങ്കാളിത്തം ഉറപ്പാക്കുന്നില്ല.

പൊതു വിദ്യാലയങ്ങൾ സമൂഹത്തിന്റെ പൊതുമുതലാണെന്ന ധാരണമില്ലായ്മ

സമൂഹ സഹകരണത്തോടെ ഉച്ചഭക്ഷണത്തിനാവശ്യമായ ജൈവപച്ചക്കറികൾ സംഭരിക്കുവാനുള്ള ബുദ്ധിമുട്ട്.

### പരിഹാര നിർദ്ദേശം

പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തോടനുബന്ധിച്ച് സമൂഹത്തെ സ്കൂളുമായി കൂടുതൽ ബന്ധിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിൽ വരുത്താൻ ഉച്ചഭക്ഷണത്തിനാവശ്യമായ സഹകരണത്തോടെ പച്ചക്കറികൾ ഒരു പ്രദേശത്തെ കർഷകരുടെ സഹകരണത്തോടെ സംഘടിപ്പിക്കൽ

### പ്രവർത്തനം

സ്കൂളും സമൂഹവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കൂടുതൽ സാമൂഹ്യപങ്കാളിത്തം.

## കായികം

### ആമുഖം

ഒരു കുട്ടിയുടെ വികസനപ്രക്രിയിൽ ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് പ്രധാന പങ്കാണുള്ളത്. ശാരീരിക മാനസിക വികാസങ്ങളുടെ വളർച്ച അടിസ്ഥാനമായി രൂപപ്പെടുന്നത് പ്രൈമറി തലം മുതലാണ്. കുട്ടിയുടെ ആരോഗ്യകായിക വികസനഘടകങ്ങളെ ശാസ്ത്രീയമായി പരിപോഷിപ്പിക്കുകയും, നല്ല ജീവിത ശീലങ്ങളും മനോഭാവങ്ങളും വളർത്തുകയാണ് കായിക വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം. ഇതിലൂടെ കുട്ടിയുടെ സർവതോന്മുഖമായ വികാസം ഉറപ്പു വരുത്തുന്നു.

### ആരോഗ്യ മേഖലയിലെ പ്രശ്നങ്ങൾ

അക്കാദമികം

- പ്രൈമറി തലം മുതൽ ഈ വിഷയം കൈകാര്യം ചെയ്യണം.
- കുട്ടി പാഠ്യപദ്ധതി അനുസരിച്ചുള്ള ശേഷി കൈവരിക്കുന്നില്ല
- മിതമായ സാധന സമാഗ്രികളുടെ അപര്യാപ്തത
- കായിക വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം സമൂഹവും, രക്ഷിതാക്കളും, അറിയുന്നില്ല.
- മിതമായ സാധന സാമഗ്രികളുടെ അപര്യാപ്തത
- കായിക വിദ്യാർത്ഥികളുടെ പോഷകാഹാര ക്കുറവ്
- വിദഗ്ധമായ പരിശീലനത്തിന്റെ കുറവ്

ഭൗതികം

ആവശ്യമായGames, Courts കൾഇല്ലാത്തതും Indoor stadium swimming pools ഇല്ലാത്തതും.

Dressing changing room അപര്യാപ്തത

Athletic practice നുള്ള Jumping pit, bed ഇല്ലാത്തത് ഉപകരണങ്ങൾ ഇല്ല

Practice ചെയ്യുന്ന ദിവസമെങ്കിലും പോഷകാഹാരം ലഭ്യമാക്കണം

സാമൂഹികം

നമ്മുടെ പ്രദേശത്തെ കായിക പ്രതിഭകേ സേവനം ലഭ്യമാക്കുക

സാമ്പത്തികമായി മുൻപന്തിയിൽ നിൽക്കുന്നവരോട് സാമ്പത്തിക സഹായം ആവശ്യപ്പെടാം.

<u>പരിഹാരപ്രവർത്തനം വിശദാംശങ്ങൾ</u>

ടാലന്റ് റിസർച്ച് പ്രോഗ്രാം അവരുടെ സ്വഭാവത്തിന്റെയും ശരീരഘടനയുടെയും കായികശമതയുടെ അടിസ്ഥാനത്തിൽ വിവിധ കളികളിൽ പരിശീലനം നൽകുക. അതിനു വേണ്ടി പൂർവ്വ വിദ്യാർത്ഥികളുടെയും, രക്ഷിതാക്കളുടെയും, കായിക ഉപാധികളുടെയും സേവനം സ്കൂൾ ആവശ്യപ്പെടാം.

**കായിക പരിശീലനം**

ആഴ്ചയിൽ 2 ദിവസം വിവിധ കളികളിൽ പരിശീലനം നിർബന്ധമാക്കൽ കുട്ടികൾക്ക് മികച്ച ഭക്ഷണവും, വിദഗ്ധത പരിശീലനവും ഉറപ്പുവരുത്തണം. വിവിധ മത്സരങ്ങളിൽ പങ്കെടുപ്പിച്ച് അവരുടെ കഴിവ് വർദ്ധിപ്പിക്കണം. ആവശ്യമായ ഉപകരണങ്ങൾ സ്പോൺസർ സഹായത്തോട് കൂടി വാങ്ങണം.

**കായിക ഉപകരണങ്ങളുടെ ലഭ്യത**

ഓരോ ക്ലാസ്സിലും വളരെ അത്യാവശ്യം വേണ്ട Skipping Rope, Tennikoit m Snakerladderm chess, balls, etc ...... equipments അത് സൂക്ഷിക്കാനുമുള്ള അടിസ്ഥാന സൗകര്യം ഉണ്ടാകണം.

<u>നീന്തൽ പരിശീലനം</u>

എല്ലാ കുട്ടികളെയും നീന്തൽ പഠിപ്പിച്ചിരിക്കണം. നമ്മുടെ പ്രദേശത്തെ അടുത്തുള്ള ജല സ്രോതസ്സുകൾ ആശ്രയിച്ച് രക്ഷിതാക്കളുടെ പിന്തുണയോടെ വളരെ സജീവമായി ഈ പദ്ധതി നടപ്പിലാക്കാം. **കായിക പ്രതിഭകളെ ആദരിക്കുക.**

കായിക പ്രതിഭകളെ വിളിച്ച് പൊതു Assembly യിൽ അവരുടെ experience ഓരോ ആഴ്ചയിലും കൊടുക്കണം. അവരെ ആദരിക്കുകയും വേണം. അതുപോലെ സ്കൂളിലെ മികവുറ്റ കുട്ടികളെ പൊതുചടങ്ങുകളിൽ ആദരിക്കുക.

**കായിക പഠന സമയം**

വിവിധ കളികളുടെ പരിശീലനത്തിനുവേണ്ടി താൽപര്യമുള്ള കുട്ടികൾക്ക് കൃത്യമായ സമയവും, വിദഗ്ധപരിശീലകനും കൊടുക്കണം. പ്രൈമറി മുതൽ HSS തലം

വരെ practice കൊടുക്കണം കളിക്കാനുമുള്ള അവസരം ഉണ്ടാക്കണം.

പഠനയാത്രകൾ

വിവിധ കായികമികവുള്ള സ്കൂളുകളും കോളേജുകളും Sports inter national stadium list ചെയ്യണം

ആയോധനകലകളിൽ പരിശീലനം

നിർബന്ധമായും എല്ലാ പെൺകുട്ടികൾക്കും Matial arts കൊടുക്കണം. എല്ലാ കുട്ടികൾക്കു യോഗപരിശീലനം കൊടുക്കണം.

Health

പ്രവർത്തനം:-

പേര് :- Medical camp

മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ<br>പ്രവർത്തനം :2<br>പേര് : കൗൺസലിംങ് സൗകര്യം<br>മേഖല : അക്കാദമികം | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കുമായി സമഗ്ര വൈദ്യപരിശോധന നടത്തുക | വർഷത്തിൽ ഒരു പ്രാവശ്യം | HM<br>PTA<br>Health club | 10000/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മികച്ച മാനസിക വൈകാരിക ശാരീരിക ആരോഗ്യം ഉറപ്പാക്കുക<br>പ്രവർത്തനം -3 | കൗൺസലിംങ് ക്ലാസ്സുകൾ ഒരുക്കുക. വിദഗ്ധരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കുക | വർഷത്തിൽ രണ്ട് പ്രാവശ്യം | PTA<br>SSG | 10000/- |

പേര് : ശൗചാലയ സമുച്ചയം

മേഖല ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വം | സൗകര്യ പ്രദമായ സ്ഥലത്ത് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും (ഓരോ ഫ്ലോറിൽ ശൗചാലയങ്ങൾ നിർമ്മിക്കാൻ | 2 വർഷം | PTA<br>LSGD | 10000/- |

Health

പ്രവർത്തനം:- 4

പേര് :- മാലിന്യസംസ്കരണം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവ അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ ,സ്ഥലത്ത് ഒരുക്കുക | ഒരു വർഷം, | HM<br>PTA | 1 ലക്ഷം<br>ജില്ലാ പഞ്ചായത്ത് |
| പ്രവർത്തനം 5 | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| പേര് : യോഗ പരിശീലനം<br>മേഖല : ഭൗതികം | വായുസഞ്ചാരമുള്ള ഒരു മുറി ആവശ്യത്തിന് ഉപകരണങ്ങളോടുകൂടി യോഗ പരിശീലനത്തിനുവേണ്ടി ഒരുക്കുക | വർഷത്തിൽ ആഴ്ചയിൽ ഒരു പ്രാവശ്യം | PTA | 2 ലക്ഷം |
| ലക്ഷ്യം | | | | |
| മത്സരാരോഗ്യമുള്ള ശരീരവും മനസ്സും കുട്ടികൾക്ക് പ്രദാനം ചെയ്യൽ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| പ്രവർത്തനം -6<br>പേര് : കുടിവെള്ളവിതരണം<br>മേഖല ഭൗതികം<br>ലക്ഷ്യം | ശുദ്ധജലം എല്ലാ ടാങ്കുകളിലും എത്തിച്ച് ടാങ്കിൽ നിന്ന് എല്ലാ ക്ലാസ്സുകളിലും അടുക്കളയിലും എത്തിക്കുന്നതിനുള്ള പൈപ്പ് സ്ഥാപിക്കൽ | 6 മാസം | PTA | 2 ലക്ഷം |

ശുദ്ധജലം ലഭ്യമാക്കൽ

Health

പ്രവർത്തനം:- 7

പേര് :- ജല സംരക്ഷണം

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജല സംരക്ഷണ പ്രവർത്തനം | നിലവിലുള്ള കിണറുകളുടെ ഭിത്തികെട്ടി മുകളിൽ നെറ്റ് നിർമ്മിച്ച് സംരക്ഷിക്കൽ | ഒരു വർഷം, | HM<br>PTA | 1 ലക്ഷം<br>ജില്ലാ പഞ്ചായത്ത് |

| പ്രവർത്തനം 8 | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പേര് : വിശ്രമമുറി ഒരുക്കൽ<br>മേഖല : ഭൗതികം | രോഗാവസ്ഥയിലുള്ള കുട്ടികളെ മറ്റു കുട്ടികളിൽ നിന്നും മാറ്റികിടത്തുന്നതിനുള്ള വിശ്രമമുറി നിർമ്മിക്കുക | വർഷത്തിൽ ആഴ്ചയിൽ ഒരു പ്രാവശ്യം | PTA | 2 ലക്ഷം |
| ലക്ഷ്യം | | | | |
| ക്ലാസ്സ് സമയത്ത് ആരോഗ്യപ്രശ്നങ്ങൾ ഉള്ള കുട്ടികൾക്ക് വിശ്രമമൊരുക്കുക | | | | |

| പ്രവർത്തനം -9 | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പേര് : പാർക്ക് ഒരുക്കൽ<br>മേഖല ഭൗതികം<br>ലക്ഷ്യം<br>ആരോഗ്യ കായിക വിനോദ ഉപാധിഒരുക്കൽ | മുറ്റത്ത് മരത്തിനുചുറ്റും മതിൽ കെട്ടൽ സിമന്റ് ബഞ്ച് നിർമ്മിക്കൽ ട്രസ് വർക്ക് ചെയ്യൽ എന്നിവ ചെയ്ത് പാർക്ക് നിർമ്മിക്കൽ | 6 മാസം | PTA | 2 ലക്ഷം |

# കല-സംസ്ക്കാരികം: ആട്സ് ക്ലബ്ബ് പ്രവർത്തനങ്ങൾ

**ആമുഖം**

ലോകത്തിന്റെ ഏതു ഭാഗത്തുള്ളവർക്കും ആശയവിനിമയം നടത്താൻ കഴിയുന്ന സാർവ്വലൗകിക ഭാഷയാണ് കല. കലയിലൂടെ വ്യക്തി താനെന്തതെന്നെതിരിച്ചറിയുകയും ലോകത്തിൽ തനിക്കുള്ള സ്ഥാനം കണ്ടെത്തുകയും ചെയ്യുന്നു. കുട്ടികളുടെ, ഒറ്റക്കും, കൂട്ടായും ചേർന്നുള്ള പ്രവർത്തനത്തിലൂടെ സാംസ്കാരികവരബോധം, മൂല്യബോധം, ആത്മവിശ്വാസം എന്നിവ ലഭിക്കുന്നതിന് കലാപഠനം പ്രയോജനപ്പെടുന്നു. അതിസമ്പന്നവും വിപുലവും, വൈവിധ്യപൂർണ്ണവുമായ കലാസാംസ്കാരിക പാരമ്പര്യമുള്ള ഭാരതത്തിൽ സംഗീതം, നൃത്തം, ശില്പകല, നാടകം നിത്യജീവിതവുമായി ഇണങ്ങി നിന്നിരുന്നു. ഗാന്ധിജി വിഭാവനം ചെയ്ത അടിസ്ഥാന വിദ്യാഭ്യാസത്തിനു കലകൾക്ക് ഇടമുണ്ടായിരുന്നെങ്കിലും കലാദ്ധ്യാപകർ ഇല്ലാത്തതും പഠനനേട്ടങ്ങൾ രക്ഷിതാക്കളുമായി പങ്കുവെക്കാൻ ഇടമില്ലാത്തതും ഒരു പ്രശ്നമായി ഈമേഖലയെ അവശേഷിക്കുന്നുണ്ടെങ്കിലും ഈമേഖലയെ പരിഗണിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

ചെറു പ്രായത്തിൽ കുട്ടികൾ കണ്ടെത്തുന്ന (സ്വന്തമായി) പ്രകടിപ്പിക്കുന്ന സർഗ്ഗാത്മകതയെ അതിന്റെ സ്വാഭാവികത നഷ്ടപ്പെടുത്താതെ അതിനെ മെച്ചപ്പെടുത്താനുതകുന്ന തരത്തിലായിരിക്കണം വിദ്യാഭ്യാസം വികസിക്കേണ്ടത്.

## ART EDUCATION കലാ-സംസ്ക്കാരികം

**ക്ലബ്ബ് പ്രവർത്തനം : പ്രശ്നങ്ങൾ**

**അക്കാദമികം**

കലയുടെ 4 വിഭാഗങ്ങളും ഒരേ അളവിൽ ഒരേ രീതിയിൽ കുട്ടികളിലേയ്ക്കെത്താൻ പ്രയാസം നേരിടുന്നു. കുട്ടികളുടെ അഭിരുചിയ്ക്കിണങ്ങുന്ന രീതിയിൽ പ്രവർത്തനങ്ങൾ നടത്താൻ കഴിയാതെ വരുന്നു. അധ്യാപകരുടെ അഭാവവും. ഉണ്ടാകുന്നു.

**ഭൗതികം.**

ക്ലബ്ബ് പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന്, ഫലപ്രദമായരീതിയിൽ പരിപോഷിപ്പിക്കുന്നതിനും, പരിശീലിപ്പിക്കുന്നതിനും ആവശ്യമായ ഭൗതികസാഹചര്യങ്ങൾ (ക്ലാസ് മുറി, സാമഗ്രികൾ ) ഇല്ലാത്തതിന്റെ അഭാവം.

**സാമൂഹികം.**

സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുന്നരീതിയിൽ പ്രവർത്തിക്കാനുള്ള സൗകര്യം ലഭിക്കുന്നില്ല. പൊതുവേദികളിൽ എത്തിക്കാനോ അപാകതകൾ പരിഹരിക്കാനോ കഴിയുന്നില്ല.

ദിനാചരണങ്ങളിൽ അതായത് സമൂഹത്തിന്റെ ഇടപെടലുകൾ, അഭിപ്രായങ്ങൾ, പങ്കാളിത്തം ഉറപ്പുവരുത്തുന്ന ഇവ ഉണ്ടാകുന്ന ദേശീയവും മറ്റും വരുന്ന ദിനങ്ങളിൽ പ്രവർത്തനം പൊതുജനങ്ങളുടെ ഇടയിൽ എത്തിക്കാൻ കഴിയുന്നില്ല, പ്രശ്നങ്ങൾതിരിച്ചറിയാനോ
പരിഹരിക്കുവാനോ ഉള്ള അവസരങ്ങൾ ലഭിക്കുന്നില്ല.

പരിഹാരപ്രവർത്തനം

| | 1 | 2 | 3 | 4 | 5 |
|---|---|---|---|---|---|
| I | 1. ലക്ഷ്യം<br>കലാവാസനകളെ പരിപോഷിപ്പിക്കൽ | 2. പഠനപ്രവർത്തനം<br>പാഠഭാഗങ്ങളെ അടിസ്ഥാനമാക്കി പരിശീലനവും /അവതരണവും | .കാലയളവ്<br>വർഷത്തിൽ 3 പ്രാവശ്യം | 4. ചുമതല<br>Art Club | . സാമ്പത്തികം<br>5000-5500 |
